# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1261** **05.03.2020-ൽ മറുപടിയ്ക്ക്**

## പുനർഗേഹം പദ്ധതി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് കടൽത്തീരത്തുനിന്നും അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തയ്യാറാക്കിയ പുനർഗേഹം പദ്ധതിക്കായി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; | എ) ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ സർവ്വേ പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ വസിക്കുന്നുണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ടി കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിലേക്ക് പരിഗണിക്കുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൂന്ന ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണത്തി നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. പദ്ധതി മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചു വരുന്നുണ്ട്. മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 323 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പിറവം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ എത്ര ഗുണഭോക്താക്കളെ വീതം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) കടൽ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയാണ് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ പിറവം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആരെയും ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടില്ല. |

**സെക്ഷൻ ആഫീസർ**